


എമ്മാവൂസ്
വചനദൂത്

# നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട

(യോഹ. 14:1–14; എഫേ. 1:3–14; ശ്ലീഹ. 5:34–42; ഏശ. 56:1–7)

ബ്ര. ടോബി താണിപ്പിള്ളി

Vol. 11, Issue: 53

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

ഇന്ന് ഉയിർപ്പുകാലം മൂന്നാം ഞായർ. ഈശോയുടെ അന്ത്യപ്രഭാഷണത്തിന്റെ ആരംഭം കുറിക്കുന്നതാണ് നാം മുമ്പേ വായിച്ചുകേട്ട വചനഭാഗം. യോഹന്നാന്റെ സുവിശേഷം 14–ാം അദ്ധ്യായം ആരംഭിക്കുന്നത് ഇങ്ങനെയാണ്. ‘‘നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ.’’ തനിക്ക് നൽകപ്പെട്ടവരുടെ അസ്വസ്ഥതകളെക്കുറിച്ച് ഈശോയ്ക്ക് കരുതലുണ്ടെന്നും അവരുടെ മനസ്സിലെ ശാന്തിയും സമാധാനവും അളക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു.

ശിഷ്യന്മാർ അസ്വസ്ഥരാകുന്ന സന്ദർഭങ്ങളിലെല്ലാം അവരുടെ കാര്യത്തിൽ കരുതലുള്ളവനും അവിടെ കടന്നുചെന്ന് അവരെ ആശ്വസിപ്പിക്കുന്നവനുമായിട്ട് ഈശോയെ പരസ്യജീവിതത്തിൽ പല സന്ദർഭങ്ങളിൽ കാണുന്നുണ്ട്. ശിഷ്യന്മാർ സഞ്ചരിച്ചിരുന്ന വഞ്ചി കൊടുങ്കാറ്റിൽപെട്ട് ഉലയുമ്പോഴും ശിഷ്യർ നിരാശരായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ട അവസരത്തിലും ഈശോ അവരെ സമീപിച്ച് സമാശ്വസിപ്പിക്കുന്നതായി നാം സുവിശേഷങ്ങളിൽ കാണുന്നുണ്ട്.

പരിചിതമല്ലാത്ത വഴികളിലൂടെ യാത്ര ചെയ്യേണ്ടിവരുന്നവന് എപ്പോഴും ആവശ്യം ഒരു മാർഗ്ഗദർശിയെയാണ്. അല്ലെങ്കിൽ വഴി പരിചയമുള്ളവനെ. അവന്റെ അടുത്ത ആവശ്യം പ്രകാശമാണ്. വഴി നിശ്ചയമുണ്ടായിട്ടോ മനസ്സിലായിട്ടോ മാത്രം കാര്യമില്ല. അതിലൂടെ നീങ്ങുവാനുള്ള പ്രകാശവും വേണം. ആ വഴി യാത്രക്കാരന്റെ അടുത്ത ആവശ്യം വിശപ്പും ദാഹവും അകറ്റുക എന്നുള്ളതാണ്. ഇവിടെയാണ് ലോകത്തിന്റെ പ്രകാശവും ജീവന്റെ അപ്പവുമായ ഈശോയുടെ വാക്കുകൾ നാം ഓർക്കേണ്ടത്. ‘‘ഞാൻ ലോകത്തിന്റെ പ്രകാ

ശമാണ്. എന്റെ പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ലഭിക്കും” (യോഹ. 8:12). “ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല” (യോഹ. 6:35).

ഈശോയുടെ പക്കൽ ജീവിതയാത്രയിൽ അലട്ടുന്ന പ്രശ്നങ്ങൾക്ക് ഉത്തരമുണ്ടെന്നു മാത്രമല്ല, സത്യത്തിൽ താൻ തന്നെയാണ് ഉത്തരമെന്നുമത്രേ ഈശോ സാക്ഷ്യപ്പെടുത്തുന്നത്. വഴി അറിയാതെ, ലക്ഷ്യം അറിയാതെ അലയുന്ന ആധുനിക മനുഷ്യന് ആശ്വാസം നൽകുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം. ആഗ്രഹിക്കുന്തോറും അകന്നകന്നു പോകുന്ന വിജയങ്ങളും സമ്പാദിക്കുന്തോറും അന്യമായിക്കൊണ്ടിരിക്കുന്ന സുരക്ഷിതത്വവും ആധുനിക മനുഷ്യന്റെ മുഖമുദ്രയാണ്. ഇവിടെയാണ് ഈ സുവിശേഷഭാഗം വെല്ലുവിളിയും സമാശ്വാസത്തിന്റെ അത്താണിയുമായിത്തീരുന്നത്. വെല്ലുവിളിയെന്നുള്ളത് – ഈശോയുടെ വഴി മനസ്സിലാക്കുക, ആ വഴിയെ നടക്കുക, പിതാവിന്റെ ഭവനത്തിൽ എത്തിച്ചേരുക എന്നുള്ളതാണ്.

ഇന്നത്തെ ഒന്നാം വായനയിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ വായിച്ചുകേട്ടതുപോലെ പിതാവായ ദൈവം തന്നോട് ചേർന്നുനിൽക്കുന്നവർക്കെല്ലാം രക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ രക്ഷ പൂർത്തീകരിക്കപ്പെടുന്നത് തന്റെ ഏകജാതനായ ക്രിസ്തുവിലൂടെയാണ്. ഇന്നത്തെ ലേഖനഭാഗത്ത് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ലോകസ്ഥാപനത്തിനു മുമ്പു തന്നെ പിതാവായ ദൈവം നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു. ഈ തെരഞ്ഞെടുപ്പാണ് പിതാവിന്റെ ഭവനത്തിൽ വസിക്കുവാൻ നമ്മെ യോഗ്യരാക്കുന്നത്.

“എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്.” ഈശോയുടെ വലിയ സമാശ്വാസത്തിന്റെ വാക്കുകളാണിവ. ഉള്ളവനും ഇല്ലാത്തവനും എല്ലാവർക്കും എത്തിച്ചേരാനൊരു സ്ഥലമുണ്ട് എന്ന പ്രതീക്ഷ തന്നെ ഈ ലോകജീവിതത്തെ കൂടുതൽ സുന്ദരമാക്കുന്നു. നമുക്കറിയാം, പിതാവിന്റെ ഭവനം സ്വർഗ്ഗത്തെയാണ് സൂചിപ്പിക്കുന്നത്. സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രതീക്ഷ നമ്മുടെ ജീവിതങ്ങൾക്ക് പുതിയ ചക്രവാളങ്ങൾ സമ്മാനിക്കുന്നു. സഹനങ്ങളിൽ പ്രതീക്ഷയുണ്ട്. മരണത്തിനപ്പുറം ഉയിർപ്പിന്റെ ജീവനുണ്ട്. ഈ ലോകജീവിതത്തിലെ ദാരിദ്ര്യത്തിനപ്പുറം സമൃദ്ധിയുടെ നിത്യജീവനുണ്ട്. രോഗത്തിനപ്പുറം സൗഖ്യമുണ്ട്. അങ്ങനെ സ്വർഗ്ഗം ഓരോ വ്യക്തിയെയും പുതുമയുടെയും പ്രതീക്ഷയുടെയും തീരങ്ങളിലെത്തിക്കുന്നു.

ഇന്നത്തെ സുവിശേഷഭാഗത്തിൽ വഴിയറിയാത്ത തോമായും, ലക്ഷ്യമറിയാത്ത പീലിപ്പോസും നമ്മുടെയൊക്കെ പ്രതിനിധികളാണ്. വഴിയും സത്യവും ജീവനും ഞാനാണ് എന്ന് അരുളിച്ചെയ്തവൻ നമ്മുടെ വഴിയും ലക്ഷ്യവുമായിത്തീരുന്നു.

ഒരിക്കൽ പ്രഗത്ഭനായ ശാസ്ത്രജ്ഞൻ സർ ജെയിംസ് സിംപ്സനോട് (James Simpson) ഒരാൾ ചോദിക്കുകയുണ്ടായി: “താങ്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടിത്തം ഏതാണ്?” ഉത്തരം വളരെ കൃത്യമായിരുന്നു. “യേശുവാണ് എന്റെ രക്ഷാമാർഗ്ഗം എന്നു കണ്ടെത്തിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടിത്തം.” അതെ, പ്രിയ സഹോദരങ്ങളെ, ക്രിസ്തുവിന്റെ വഴി എന്റേതായിത്തീരുവാൻ ഞാൻ ഇനിയും ഒരുപാട് കാതം നടക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ സത്യം എന്റെ സത്യമായിത്തീരുവാൻ ജീവിതശൈലിയിൽ ഇനിയും മാറ്റങ്ങൾ അനിവാര്യമാണ്.

ഓരോ വിശുദ്ധ കുർബാനയിലും ഈശോ തന്റെ സ്നേഹത്തിന്റെ വഴി നമുക്ക് കാണിച്ചുതരികയാണല്ലോ. അതുകൊണ്ട് ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം, ഈശോയെ അങ്ങയുടെ വഴി എന്റേതാവണമേ. അങ്ങയുടെ സത്യം എന്റേതാവണമേ. സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.